ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള പദ്ധതികൾ

2 (965) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബി. ബാബു പ്രസാദ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇതുവരെ എന്തു തുക സമാഹരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രവർത്തനത്തിൽ ദുർബലമായി നിൽക്കുന്ന സഹകരണ സംഘങ്ങളെ പ്രാഥമിക പദ്ധതികളുടെ അടിസ്ഥാനത്തിൽ പുനരുദ്ധരിക്കുന്നതിനും, പുനഃസംഘടന നടത്തുന്നതിനുമായി പദ്ധതി വിഹിതത്തിൽ നിന്ന് ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2010-11 സാമ്പത്തിക വർഷം ദുർബല സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വകയിരുത്തി ധനസഹായം നൽകി വരുന്നു. 2009-10 സാമ്പത്തിക വർഷം 51 പദ്ധതിക്കായി 20 കോടി രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ 2008-09 വർഷം നടത്തിയ സഹകരണ നവരത്നം ലോട്ടറിയിലൂടെ സമാഹരിച്ച തുകയും ദുർബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ചെലവഴിക്കുകയും, 2008-09 വർഷത്തിൽ 1 കോടി രൂപ സംസ്ഥാനത്തെ കക്ക വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പല കാരണങ്ങൾകൊണ്ടും ക്ഷീണത്തിലാണെങ്കിലും പുനരുദ്ധാരണ സാധ്യതയുള്ള സംഘങ്ങളെ സഹായിക്കുന്നതിന് 2008-09 വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള കായംകുളം കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട് സഹകരണ സംഘം, കണ്ണൂർ ജില്ലാ പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് സഹകരണ സംഘം എന്നിവയ്ക്കായി ആകെ 5 കോടി രൂപയും വായ്പയായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ദുർബലമായ അപ്പക്സ് സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾക്ക് പുറമേ സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബ്ബല കാർഷിക സംസ്കരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധന ശേഷി ശക്തിപ്പെടുത്തുക, ദുർബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണം വരും വർഷങ്ങളിൽ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ദുർബല/പീഡിത സഹകരണ സംഘങ്ങൾക്കായി എൻ.സി.ഡി.സി. ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രകാരം കൂടുതൽ സഹകരണ സംഘങ്ങളെ വരും വർഷങ്ങളിൽ സഹായിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) നവരത്നം ലോട്ടറി ഫണ്ടിലൂടെ സഹകരണ വകുപ്പ് സ്വരൂപിച്ച് 15,27,62,000 രൂപയിൽ 14,56,00,000 രൂപ ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന വിവിധ സഹകരണ സംഘങ്ങൾക്ക് പ്രത്യേക പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകൾ തുടങ്ങിയവയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 119.88 ലക്ഷം രൂപയും ദുർബ്ബലവും എന്നാൽ ശക്തിയാർജിക്കാൻ സാധ്യതയുള്ളതുമായ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിനുള്ള പദ്ധതി പ്രകാരം 42.48 ലക്ഷം രൂപയും പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനത്തിൽ 20 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ എൻ.സി.ഡി.സി.-യിൽ നിന്നും 55.76 കോടി രൂപ കൂടി 51 കാലയളവിൽ ലഭിച്ചിട്ടുണ്ട്.

സഹകരണമേഖലയ്ക്ക് ലഭ്യമാക്കിയിട്ടുള്ള എൻ.സി.ഡി.സി. വായ്പകൾ

3 (966) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് എത്ര കോടി രൂപയുടെ എൻ.സി.ഡി.സി. വായ്പകൾ ലഭ്യമാക്കിയിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനസഹകരണ മേഖലക്ക് വായ്പ അനുവദിക്കുന്നതിന് എൻ.സി.ഡി.സി. പുതിയതായി എന്തൊക്കെ വ്യവസ്ഥകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) എൻ.സി.ഡി.സി. വായ്പകൾ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly